# ഇത് തൊടുന്നവൻ ഒരു മനുഷ്യനെയാണ് സ്പർശിക്കുന്നത്

**ഡോ. മഹേഷ് മംഗലാട്ട്**

വളരെ സന്തോഷകരമായ ഒരു ദൗത്യം എന്ന നിലയിലാണ് ഞാൻ ഈ വാക്കുകൾ കുറിക്കുന്നത്. എന്റെ കുറിപ്പിലെ ആദ്യവാക്യം എന്തായിരിക്കണമെന്ന് ആലോചിക്കുമ്പോൾ മനസ്സിലെത്തുന്നത് അമേരിക്കൻ കവിയായ വാൾട്ട് വിറ്റ്മാന്റെ[1] പ്രശസ്തമായ രണ്ട് വരികളാണ്.

> പ്രിയ സഖേ, ഇതൊരു പുസ്തകമല്ല,
> ഇത് തൊടുന്നവൻ
> ഒരു മനുഷ്യനെയാണ് സ്പർശിക്കുന്നത്.[2]

പുസ്തകത്തെക്കുറിച്ചുള്ള കാല്പനികമായ ഈ വാക്കുകൾ എഴുത്തുകാരനും എഴുത്തും അഭേദമായിത്തീരുന്ന ഒരു ആദർശാത്മകമായ അവസ്ഥ വിഭാവനം ചെയ്യുന്നുണ്ട്. ലോകസാഹിത്യത്തിലെ മഹത്തായ പല കൃതികളിലൂടെ കടന്നുപോകുമ്പോഴും വിറ്റ്മാന്റെ വാക്കുകൾ നമ്മുടെ മനസ്സിന്റെ പിന്നറകളിൽ എവിടെനിന്നോ തിക്കിത്തിരക്കി മുന്നിലെത്താറുണ്ട്. ഭാവനയുടെ ലോകത്തിലെ കഥാപാത്രങ്ങളും സംഭവങ്ങളും വായനക്കാരന്റെ മാനസികലോകത്തിൽ അനുഭവത്തിന്റെ നൂതനലോകം സൃഷ്ടിക്കുന്നു. ഭാരതീയരായ

---

[1] Walt Whitman 1819- 1892

[2] Camerado, this is no book,
Who touches this touches a man...

കാവ്യചിന്തകർ നിരീക്ഷിച്ചതുപോലെ കവി ഏകപ്രജാപതിയായ അപാരമായ കാവ്യസംസാരമാണത്. അതിന്റെ സ്രഷ്ടാവും അതിലെ പ്രജാപതിയും കാവ്യകർത്താവാണ്.

കവിതയോ ഭാവനൈകസ്രഷ്ടമായ മറ്റേതെങ്കിലും സാഹിത്യരൂപമോ അല്ല, ഒരു ചരിത്രപുസ്തകമാണ് എന്റെ മുന്നിലുള്ള *മയ്യഴി: ജനാഭിലാഷത്തിന്റെ നാൾവഴികൾ.* എഴുത്തുകാരൻ എന്ന് നമ്മളാരും ഇക്കാലമത്രയും കണക്കാക്കിയിട്ടില്ലാത്ത അഭിഭാഷകനും പൊതുപ്രവർത്തകനുമാണ് ഇത് എഴുതിയ അഡ്വ. ടി. അശോക് കുമാർ. നിരവധി പൊതുതാല്പര്യഹരജികളിലൂടെ ദേശത്തിന്റെ വിധി മാറ്റിത്തീർത്ത സാഹസികനാണ് അദ്ദേഹം എന്ന് അധികം ആരും മനസ്സിലാക്കിയിരിക്കില്ല. മുപ്പത്തിയെട്ട് വർഷത്തെ ഇടവേളയ്ക്കുശേഷം മയ്യഴിയിൽ മുൻസിപ്പൽ തെരഞ്ഞെടുപ്പ് നടത്താനിടയായത് അശോക് കുമാർ മദ്രാസ് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നല്കിയ പൊതുതാല്പര്യഹരജികൾ കാരണമാണ്. മുനിസിപ്പൽ തെരഞ്ഞെടുപ്പ് മയ്യഴിയുടെ മാത്രം കാര്യമല്ല; പുതുച്ചേരിയിൽ ഒട്ടാകെ നടക്കേണ്ട കാര്യമാണ്.

ഇങ്ങനെ ഒരു കേസിൽ എതിർപക്ഷത്തുള്ളത് സർക്കാരും പ്രതിപക്ഷവും അവർ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയപാർട്ടികളുമാണ്. അത്രത്തോളം വലിയ എതിർവിഭാഗത്തിനെതിരെ സംസാരിക്കുന്നതുപോലും ആപത്കരമാണ്. അവർക്കെതിരെ കേസ് നടത്തുകയെന്നത് എത്രത്തോളം സാഹസികമാണെന്ന് വായനക്കാർ സങ്കല്പിച്ചുനോക്കുക. ഒരു വസ്തുത എടുത്തു പറയാം: തെരഞ്ഞെടുപ്പ് നടത്താനുള്ള വിധിക്കെതിരെ പുതുച്ചേരിയിലെ സമസ്ത എം. എൽ. എ.-മാരും ഒപ്പിട്ട നിവേദനവുമായി ലഫ്റ്റനന്റ് ഗവർണ്ണറെ കണ്ടു. ഈർക്കിൽ പാർട്ടികൾ എന്ന് വിലകുറച്ചു പറയാറുള്ള വലിയ സ്വാധീനമൊന്നുമില്ലാത്ത ചെറുപാർട്ടികൾ ഉൾപ്പെടെ പുതുച്ചേരിയിലെ സമസ്തപാർട്ടികളും ചേർന്ന് ബന്ദ് നടത്തി. അവരുടെ എതിരാളി ഈയൊരു മനുഷ്യനാണ്; നാടിന്റെ ആവശ്യം നേടിയെടുക്കുക തന്റെ ദൗത്യമാണെന്ന് കരുതുന്ന ഈ അഭിഭാഷകൻ. ഈ പോരാട്ടത്തിന്റെ കഥ ജനാഭിലാഷം സാക്ഷാത്കരിക്കാനുള്ള പ്രവർത്തനത്തിന്റെ ചരിത്രമാണ്. താൻ പോരാളിയും നായകനുമായ ഈ യുദ്ധത്തിന്റെ കഥ കാര്യമാത്രപ്രസക്തമായും വസ്തുതാപരമായ കൃത്യതപുലർത്തിയും എഴുതിയ ഈ കൃതി എന്നെ വിസ്മയിപ്പിച്ചത് അതിലെ *ഞാൻ* എന്ന വീരനായക

ന്റെ അസാന്നിദ്ധ്യം കാരണമാണ്. അത്യസാധാരണമാണ് ഈ നിസ്സംഗത. വളരെ ചെറിയ കാര്യങ്ങൾപോലും ഹിമാലയത്തോളം പൊക്കത്തിൽ പറഞ്ഞ് വലുതാക്കുന്ന സമകാലരാഷ്ട്രീയലോകത്തിൽ തീർത്തും അസാധാരണം. സ്ഥിതപ്രജ്ഞനായ ഒരു പോരാളിയിൽ മാത്രമേ ഇത്തരം നിസ്സംഗത കാണാനാകൂ.

മുനിസിപ്പൽ തെരഞ്ഞെടുപ്പ്, ബൈപ്പാസ് ഭൂമി അക്വിസിഷൻ പ്രശ്നം എന്നിങ്ങനെ അഡ്വ. അശോക് കുമാർ ഏറ്റെടുത്ത ഒരു കാര്യവും അദ്ദേഹത്തിന് വ്യക്തിപരമായ എന്തെങ്കിലും നേട്ടം ഉണ്ടാക്കുന്നതല്ല. എതിർപക്ഷത്ത് കരുത്തരായ നേതാക്കളും പാർട്ടികളും ഉദ്യോഗസ്ഥരും നിരക്കുന്ന ഒരു യുദ്ധഭൂമിയിലെ ഏകാംഗ കാലാൾപ്പോരാളിയാണ് അദ്ദേഹം. ഒരു വ്യക്തിയുടെ രാഷ്ട്രീയമായ ഇച്ഛാശക്തിയെ മറികടക്കാൻ അതീവബലവാന്മാരായ മറുപക്ഷത്തിന് സാധിച്ചില്ല. മാത്രമല്ല, നീതിയുടെ വിജയത്തിനായി പൊരുതിയവനു മുന്നിൽ അവർക്ക് കീഴടങ്ങേണ്ടിവന്നു.

കുട്ടിക്കാലം മുതൽ രാഷ്ട്രീയത്തിന്റെ ഭാഗമായിരുന്നു അശോക് കുമാർ. പുത്തലം കാവിന്റെ മുറ്റത്തെ രാഷ്ട്രീയസംവാദങ്ങൾ, പഴമയുടെ കഥകൾ മനസ്സിൽ സൂക്ഷിക്കുന്ന മുതിർന്നവരുമായുള്ള ചങ്ങാത്തം, വിദ്യാർത്ഥിസംഘടനാപ്രവർത്തനം എന്നിങ്ങനെ അശോക് കുമാറിന്റെ രാഷ്ട്രീയമൂല്യബോധത്തെ വേറിട്ടതാക്കുന്ന ഘടകങ്ങൾ പലതുണ്ട്. പഴമയിൽ വേരോടിനില്ക്കുന്ന വർത്തമാന കാലത്തെ കാണുന്ന സവിശേഷദർശനം ഈ രാഷ്ട്രീയത്തിന്റെ സവിശേഷതയാകുന്നു. പഴയകാലത്തിന്റെ ഓർമ്മകൾ മാത്രമല്ല, പഴയകാലത്ത് ഉപയോഗത്തിലിരുന്ന വസ്തുക്കളും ഇദ്ദേഹത്തിന് പ്രിയപ്പെട്ടതാണ്. അത്തരം വസ്തുക്കളുടെ ഒരു ശേഖരം ഇദ്ദേഹത്തിന്റെ പക്കലുണ്ട്. കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള ഗൃഹാതുരത്വമല്ല, മറിച്ച് നാം കടന്നുപോന്ന വഴികളെക്കുറിച്ചുള്ള പരിഗണനയാണ് ഇതിൽ കാണേണ്ടത്. പുത്തൻ ഉപകരണങ്ങൾ വാങ്ങുമ്പോൾ ഉപേക്ഷിച്ചുകളയുന്ന വസ്തുക്കൾ ഓരോന്നും ഭൂതകാലത്തിന്റെ ഓർമ്മകൾ പുരണ്ടവയാണ്. ഭൂതകാലത്തിലേക്കുള്ള തിരിച്ചുപോക്കല്ല, ഭാവിലേക്കുള്ള കുതിപ്പിന് ആക്കം നല്കുന്ന നില്പിടമാണ് ഈ ഭൂതകാലപ്രിയത്തിലുള്ളത്.

ഈ പുസ്തകത്തിനുള്ള വിവരശേഖരണത്തിനിടയിൽ അദ്ദേഹത്തെ വിസ്മയപ്പെടുത്തിയ ഒരു കാര്യം പങ്കിടുകയുണ്ടായി.

സമീപഭൂതകാലത്ത് മയ്യഴിയിലെ പൊതുജീവിതത്തെ ആഴത്തിൽ സ്വാധീനിക്കുകയും അതിൽ നേതൃത്വപരമായ പങ്കുവഹിച്ച് പൊതു പ്രവർത്തനം നടത്തുകയും ചെയ്ത പലരും നമ്മുടെ ഓർമ്മകളിലില്ല എന്നതാണത്. മറ്റു ചിലർ വെറും പേര് മാത്രമായി അവശേഷിക്കു ന്നു. അവരുടെ പ്രവർത്തനവും സംഭാവനകളും അറിയാവുന്നവർ ചുരുക്കം. നമ്മുടെ മറവിയുടെ അഗാധതകളിൽ മറഞ്ഞുപോയ നിരവധി ജീവിതങ്ങളാണ് ഈ പുസ്തകത്തിലെ ചരിത്രവിവരണത്തി നിടയിൽ പുറത്തുവരുന്നത്. അത് ഒന്നോ രണ്ടോ വ്യക്തികളല്ല. കൃതഘ്നമായ സമൂഹമായി നാം മാറുകയാണോ? വിസ്മൃതിയിലേക്ക് വലിച്ചെറിയപ്പെടുന്ന മൂല്യവത്തായ ചിലത് ഓർത്തെടുക്കേണ്ടതുണ്ട് എന്ന് ഓർമ്മപ്പെടുത്തുകയാണ് ഈ പുസ്തകം നിർവ്വഹിക്കുന്ന ദൗത്യങ്ങളിലൊന്ന്.

അഭിഭാഷകവൃത്തിയും പൊതുപ്രവർത്തനവും രാഷ്ട്രീയവും ചേർത്തുകൊണ്ടുപോകുന്ന ജീവിതത്തിനിടയിലാണ് പൊതുതാല്പ ര്യഹരജി എന്ന ശക്തമായ ആയുധം നീതിനിരാകരണത്തിനെതി രെയുള്ള പോരാട്ടത്തിന് അഡ്വ. അശോക് കുമാർ ഉപയോഗിച്ചു തുടങ്ങുന്നത്. ഈ പുസ്തകത്തിൽ അതിന്റെ വിവരങ്ങൾ നിങ്ങൾക്ക് വായിക്കാം. നേരത്തെ മുനിസിപ്പൽ തെരഞ്ഞെടുപ്പിനുവേണ്ടി നടത്തിയ നിയമയുദ്ധത്തെക്കുറിച്ച് പറഞ്ഞല്ലോ. ഒരു കേസും ലാഘവപൂർവ്വം കൈകാര്യം ചെയ്യാനാവില്ല. ശ്രദ്ധാപൂർവ്വമായ കരുനീക്കങ്ങൾ എല്ലാ നീതിനിഷേധങ്ങൾക്കും പിറകിലുണ്ടാകും. അധികാരവും സമൂഹവും ഉപേക്ഷിച്ചവരെ ഏറ്റെടുക്കുക, അവർക്കു വേണ്ടി പൊരുതുക എന്നെല്ലാം പറയാൻ എളുപ്പമാണ്. പക്ഷെ, അത് ചെയ്യുക ഒട്ടും സുഖകരമായ കാര്യമാവില്ല. പൊതുസമൂഹ ത്തിലെ നിരാലംബരായ മനുഷ്യരുടെ ജീവിതത്തെ ബാധിക്കുന്ന കാതലായ പ്രശ്നങ്ങളാണ് ഈ നീതിനിഷേധങ്ങളിൽ അന്തർഭവി ക്കുന്നത് എന്നതിനാൽ അത് ഏറ്റെടുക്കുകയാണ് അഡ്വ. അശോക് കുമാർ ചെയ്തത്. അതോടൊപ്പം, കരുത്തരായ പ്രതിയോഗികളെ നേരിടുക എന്ന സാഹസികതയിലേക്ക് നിർഭയം ഇറങ്ങിച്ചെല്ലുകയു മാണ്.

ഒന്നിനു പിറകെ മറ്റൊന്ന് എന്ന നിലയിൽ മദ്രാസ് ഹൈക്കോർ ട്ടിലും സുപ്രീംകോടതിയിലും നിരന്തരം പൊരുതുന്ന ഒരു പോരാളി യുടെ ജീവിതം ഈ പുസ്തകം അനാവരണം ചെയ്യുന്നുണ്ട്. പതിറ്റാ ണ്ടുകൾ നീണ്ട ഈ നിയമയുദ്ധത്തിൽ ഒരു വീരനായകനായി സ്വയം

പ്രതിഷ്ഠിക്കാൻ വിസമ്മതിക്കുന്ന വ്യക്തിത്വസവിശേഷത അനന്യാദൃശമാണ്. മയ്യഴിയുടെ ഭൂതകാലചരിത്രവും രാഷ്ട്രീയമയ്യഴിയുടെ വികാസപരിണാമങ്ങളും ഈ പോരാളിയുടെ ജീവിതത്തിന്റെ പശ്ചാത്തലമായി നില്ക്കുന്നു. മയ്യഴി എന്ന ദേശം ഇവിടെ സ്വന്തം അനുഭവങ്ങളുടെയും പ്രവർത്തനങ്ങളുടെയും ഭൂമികയാകുന്നു. അതോടൊപ്പം, അയാൾ ദേശത്തിന്റെ ഭാഗമായി സ്വയം മറഞ്ഞുനില്ക്കുന്നു. മയ്യഴിയെക്കുറിച്ചുള്ള ഒന്നും ഇവിടെ എഴുത്തുകാരന്റെ ജീവിതത്തിനു പുറത്തു നില്ക്കുന്നതല്ല. വാൾട്ട് വിറ്റ്മാന്റെ വാക്കുകൾ സാർത്ഥകമായി മനസ്സിലേക്കെത്തുന്നത് അതിനാലാണ്.